**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6509** **10-11-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ടവർക്ക് സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെട്ടിട നിർമ്മാണസാമഗ്രികളുടെ വില ക്രമാതീതമായി വർദ്ധിച്ചതുമൂലം നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർമ്മാണസാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | സംസ്ഥാനത്ത് കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ചതുമൂലം നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭവന നിർമ്മാണ വകുപ്പിനു കീഴിലുള്ള കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, 70 ചതുരശ്ര മീറ്ററോ (750 sqft) അതിൽ താഴെയോ തറ വിസ്തീർണ്ണമുള്ള വീടിന്റെ നിർമ്മാണം നടത്തുന്ന ദാരിദ്ര്യരേഖയ്ക്ക് (BPL) താഴെയുള്ളവർക്കും, 'ലൈഫ് പദ്ധതി പോലുള്ള സർക്കാരിന്റെ സാമ്പത്തിക ദുർബല വിഭാഗങ്ങൾക്കുള്ള പദ്ധതികൾ പ്രകാരം വീട് നിർമ്മാണം നടത്തുന്ന എ.പി.എൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും സഹായം നൽകുന്നതിന്റെ ഭാഗമായി സിമന്റ്, കമ്പി എന്നിവ മാനദണ്ഡങ്ങൾക്ക് വിധേയമായി സൗജന്യ നിരക്കിൽ നൽകുന്നതിന് 'കലവറ' എന്ന പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. നിലവിൽ വിവിധ ജില്ലകളിലായി 15 കലവറകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, ഭവന നിർമ്മാണ വകുപ്പിനു കീഴിലുള്ള മറ്റൊരു സ്ഥാപനമായ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സംസ്ഥാനത്ത് 14-ാം പഞ്ചവത്സര പദ്ധതിയിൽ, ' Rebuild Kerala ' യിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണ സാമഗ്രികൾ മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ജില്ലാ കേന്ദ്രങ്ങളിലും, ആവശ്യകത അനുസരിച്ച മറ്റു ജില്ലാ കേന്ദ്രങ്ങളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ, കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില നിയന്ത്രിക്കുന്നതിനും ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ടവർക്ക് കുറഞ്ഞ നിരക്കിൽ സാമഗ്രികൾ ലഭ്യമാക്കുന്നതിനും കൂടുതൽ കലവറ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സംസ്ഥാന നിർമ്മിതി കേന്ദ്രം നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | പ്രസ്തുത വിലക്കയറ്റം കാരണം സർക്കാർ | (ബി) | സംസ്ഥാനത്ത് കെട്ടിട നിർമ്മാണ സാമഗ്രികളുടെ |

| | | | |
|---|---|---|---|
| | സഹായത്തോടെ ഭവനനിർമ്മാണം നടത്തുന്നവർക്ക് കെട്ടിടനിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ഭവനപദ്ധതികളിലുൾപ്പെട്ടവർ ഇതുകാരണം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | | വില വർദ്ധിച്ചതുമൂലം നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭവന നിർമ്മാണ വകുപ്പിനു കീഴിലുള്ള കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, 70 ചതുരശ്ര മീറ്ററോ (750 sqft) അതിൽ താഴെയോ തറ വിസ്തീർണ്ണമുള്ള വീടിന്റെ നിർമ്മാണം നടത്തുന്ന ദാരിദ്രരേഖയ്ക്ക് (BPL) താഴെയുള്ളവർക്കും, 'ലൈഫ് പദ്ധതി പോലുള്ള സർക്കാരിന്റെ സാമ്പത്തിക ദുർബല വിഭാഗങ്ങൾക്കുള്ള പദ്ധതികൾ പ്രകാരം വീട് നിർമ്മാണം നടത്തുന്ന എ.പി.എൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും സഹായം നൽകുന്നതിന്റെ ഭാഗമായി സിമന്റ്, കമ്പി എന്നിവ മാനദണ്ഡങ്ങൾക്ക് വിധേയമായി സൗജന്യ നിരക്കിൽ നൽകുന്നതിന് 'കലവറ' എന്ന പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. നിലവിൽ വിവിധ ജില്ലകളിലായി 15 കലവറകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, ഭവന നിർമ്മാണ വകുപ്പിനു കീഴിലുള്ള മറ്റൊരു സ്ഥാപനമായ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സംസ്ഥാനത്ത് 14-ാം പഞ്ചവത്സര പദ്ധതിയിൽ, ' Rebuild Kerala ' യിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണ സാമഗ്രികൾ മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ജില്ലാ കേന്ദ്രങ്ങളിലും, ആവശ്യകത അനുസരിച്ച് മറ്റു ജില്ലാ കേന്ദ്രങ്ങളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ, കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില നിയന്ത്രിക്കുന്നതിനും ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ടവർക്ക് കുറഞ്ഞ നിരക്കിൽ സാമഗ്രികൾ ലഭ്യമാക്കുന്നതിനും കൂടുതൽ കലവറ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സംസ്ഥാന നിർമ്മിതി കേന്ദ്രം നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | കെട്ടിട നിർമ്മാണസാമഗ്രികളുടെ വില നിയന്ത്രിക്കുന്നതിനും ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ടവർക്ക് കുറഞ്ഞ നിരക്കിൽ സാമഗ്രികൾ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | സംസ്ഥാനത്ത് കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില വർദ്ധിച്ചതുമൂലം നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭവന നിർമ്മാണ വകുപ്പിനു കീഴിലുള്ള കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, 70 ചതുരശ്ര മീറ്ററോ (750 sqft) അതിൽ താഴെയോ തറ വിസ്തീർണ്ണമുള്ള വീടിന്റെ നിർമ്മാണം നടത്തുന്ന ദാരിദ്രരേഖയ്ക്ക് (BPL) താഴെയുള്ളവർക്കും, 'ലൈഫ് പദ്ധതി പോലുള്ള സർക്കാരിന്റെ സാമ്പത്തിക ദുർബല വിഭാഗങ്ങൾക്കുള്ള പദ്ധതികൾ പ്രകാരം വീട് നിർമ്മാണം നടത്തുന്ന എ.പി.എൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും സഹായം നൽകുന്നതിന്റെ ഭാഗമായി സിമന്റ്, കമ്പി എന്നിവ മാനദണ്ഡങ്ങൾക്ക് വിധേയമായി സൗജന്യ നിരക്കിൽ നൽകുന്നതിന് 'കലവറ' എന്ന പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. നിലവിൽ വിവിധ |

| | | | |
|---|---|---|---|
| | | | ജില്ലകളിലായി 15 കലവറകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, ഭവന നിർമ്മാണ വകുപ്പിന്റെ കീഴിലുള്ള മറ്റൊരു സ്ഥാപനമായ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സംസ്ഥാനത്ത് 14-ാം പഞ്ചവത്സര പദ്ധതിയിൽ, ' Rebuild Kerala ' യിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണ സാമഗ്രികൾ മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ജില്ലാ കേന്ദ്രങ്ങളിലും, ആവശ്യകത അനുസരിച്ച് മറ്റ് ജില്ലാ കേന്ദ്രങ്ങളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ, കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില നിയന്ത്രിക്കുന്നതിനും ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ടവർക്ക് കുറഞ്ഞ നിരക്കിൽ സാമഗ്രികൾ ലഭ്യമാക്കുന്നതിനും കൂടുതൽ കലവറ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സംസ്ഥാന നിർമ്മിതി കേന്ദ്രം നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ